## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 201 — 05/11/2019 ൽ മറുപടിക്ക്

**ശബരിമലയിൽ അനിഷ്ടസംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.പി. അനിൽ കുമാർ | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ മണ്ഡല മകരവിളക്ക് കാലത്ത് പോലീസ് സംരക്ഷണയിൽ രണ്ട് യുവതികൾ ശബരിമലയിൽ പ്രവേശിച്ചതും . ഭക്തർക്ക് നേരെയുണ്ടായ അതിക്രമങ്ങളും മറ്റും ശബരിമലയെ സംഘർഷ ഭൂമിയാക്കുന്നതിന് ഇടയാക്കിയെന്നത് വസ്തുതയാണെന്ന് കരുതുന്നുണ്ടോ; | (എ) | ഇല്ല. കഴിഞ്ഞ മണ്ഡല മകര വിളക്ക് കാലത്ത് ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധിയെത്തുടർന്ന് ചില യുവതികൾ ദർശനത്തിന് മല ചവിട്ടിയപ്പോൾ ഭക്തരെന്ന വ്യാജേന എത്തിയ ചിലർ തടയാനും ആക്രമിക്കാനും ശ്രമിച്ചതിന്റെ അടിസ്ഥാനത്തിൽ ഭക്തർക്ക് നേരെ ഉണ്ടായ അതിക്രമങ്ങൾ തടയാനും അവർക്ക് സംരക്ഷണം നൽകുവാനുമാണ് സർക്കാർ നടപടി സ്വീകരിച്ചത്. ശബരിമലയെ സംഘർഷ ഭൂമിയാക്കുന്ന നടപടികളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല. യഥാർത്ഥ ഭക്തർക്ക് ദർശനം നടത്തുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | തന്മൂലം ശബരിമലയിലെത്തുന്ന ഭക്തജനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുകയും അത് നടവരവിനെ കാര്യമായി ബാധിക്കുകയും ചെയ്തിട്ടുണ്ടോ; | (ബി) | ഭക്തരെന്ന വ്യാജേന ശബരിമലയിലെത്തിയ ചിലർ ശബരിമലയെ സംഘർഷഭൂമിയാക്കാൻ ശ്രമിച്ചത് മൂലവും ചില സംഘടനകൾ നടത്തിയ ഹർത്താലുകളും വ്യാപക അക്രമങ്ങളും തീർത്ഥാടകരുടെ എണ്ണത്തിൽ കുറവുണ്ടാക്കുകയും അത് നടവരവിനെ ബാധിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | നടവരവിലുണ്ടായ കുറവ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക സ്ഥിതിയെ എപ്രകാരമാണ് ബാധിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ വർഷം ഉണ്ടായ പ്രളയക്കെടുതി മൂലവും ബഹു.സുപ്രീം കോടതിയുടെ വിധിന്യായത്തെ തുടർന്നുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിലും ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലുണ്ടായ വരുമാന നഷ്ടം മൂലം ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാകുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. പ്രധാനമായും ശബരിമല വരുമാനത്തെ ആശ്രയിക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന് കഴിഞ്ഞ തീർത്ഥാടന കാലയളവിൽ ഉണ്ടായ വരുമാന കുറവ് ക്ഷേത്ര പരിപാലനത്തിനും ജീവനക്കാരുടെ ശമ്പളം, പെൻഷൻ തുടങ്ങിയ കാര്യങ്ങൾക്കും ഇനി വരുന്ന മാസങ്ങളിൽ തടസ്സം നേരിടുന്ന സ്ഥിതി സംജാതമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ശബരിമലയിലെ നടവരവിലുണ്ടായ നഷ്ടം സർക്കാർ ഇതിനകം നികത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് ബോർഡിന് ലഭ്യമായത്; വിശദമാക്കാമോ; | (ഡി) | വരുമാന നഷ്ടമുണ്ടായതുമൂലമുള്ള സ്ഥിതി നേരിടുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് 2019-2020 ബഡ്ജറ്റിൽ 100 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. 13-08-2019-ലെ സ.ഉ.(സാധാ)നം.2219/2019/റവ പ്രകാരം 30 കോടി രൂപ ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ട്. |
| (ഇ) | ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലത്ത് കഴിഞ്ഞ വർഷം ഉണ്ടായതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ശബരിമലയുടെ പരിപാവനത കാത്തു സൂക്ഷിക്കുന്നതിനും ദേവസ്വം ബോർഡ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ എന്നറിയിക്കാമോ? | (ഇ) | കഴിഞ്ഞ വർഷം ഉണ്ടായതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും സന്നിധാനത്തെത്തുന്ന എല്ലാ ഭക്ത ജനങ്ങൾക്കും സുഗമമായി ദർശനം നടത്തുന്നതിനും ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ